DESPATCHED
On 08/06/2020

17/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ A.P. No.2121(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.13719/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

### ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. സുനി ആർ.
പടനിലത്തുചിറ,
മായിത്തറ പി.ഒ.,
ചേർത്തല–688 539
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   കെ.എസ്.ഇ.ബി വൈദ്യുതി ഭവനം, പട്ടം,
   തിരുവനന്തപുരം –695004

2. അപ്പീൽ അധികാരി & സീനിയർ അക്കൗണ്ടസ് ഓഫീസർ,
   ചീഫ് എഞ്ചിനീയറുടെ കാര്യാലയം,(എച്ച്.ആർ.എം),
   കെ.എസ്.ഇ.ബി വൈദ്യുതി ഭവനം, പട്ടം,
   തിരുവനന്തപുരം–695004 .

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 11.06.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.06.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07.07.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.07.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12.08.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19.08.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.09.2015 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.03.2020 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 17.03.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുനി ആർ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ഒന്നാം എതിർകക്ഷി നൽകിയില്ലായെന്നും ടിയാൻ ആവശ്യപ്പെട്ട വിവരം കാസർഗോഡുമുതൽ തിരുവനന്തപുരം വരെയുള്ള വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ചാൽ മാത്രമേ നൽകാൻ കഴിയുകയുള്ളുവെന്നാണ് അറിയിച്ചതെന്നും മേൽപ്പടി മറുപടിക്കെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചെങ്കിലും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 129 ARU കളുടെ ലിസ്റ്റ് തന്ന് മേൽപ്പടി ഓഫീസുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നു ടിയാനെ അറിയിക്കുകയാണ് ചെയ്തതെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംസ്ഥാന വൈദ്യുതി ഭവനിൽ നിന്നും ലഭ്യമാക്കേണ്ടതാണെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്.

i. 01.12.2014 മുതൽ 10.06.2015 വരെ എത്ര സബ് എൻഞ്ചിനീയർ/ഓവർസീയർമാർ ജോലിയിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും

ii. വിരമിച്ചിട്ടുണ്ടെങ്കിൽ എത്ര പേർ എന്നും എത്ര പേർക്ക് മേൽപ്പടി ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയെന്നും എത്ര പേർക്ക് ഇനി നൽകാനുണ്ട് എന്നും മറ്റുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം എതിർകക്ഷി ഓഫീസിൽ ശേഖരിച്ചിട്ടില്ലെന്നും കാസർഗോഡു മുതൽ തിരുവനന്തപുരം വരെയുള്ള വിവിധ ഓഫീസുകളിൽ നിന്നും വിവരം ശേഖരിച്ചാൽ മാത്രമേ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകാൻ കഴിയുകയുള്ളു എന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, വൈദ്യുതി ബോർഡിന്റെ ഹെഡ് ഓഫീസിൽ നിന്ന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ച് എത്രയും വേഗം മറുപടി നൽകണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ മറ്റു ഓഫീസിൽ നിന്ന്

ശേഖരിച്ച് നൽകേണ്ട ചുമതല ഒന്നാം എതിർകക്ഷിക്ക് ഇല്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നിരവധി ഓഫീസിൽ വ്യാപിച്ചു കിടക്കുന്നതിനാൽ പ്രസ്തുത ഓഫീസിന്റെ പേര് അടങ്ങിയ ARU കളുടെ ലിസ്റ്റ് ഹർജിക്കാരന് നൽകുന്നുവെന്നുമാണ്.

3. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമായിരുന്നില്ലെന്നും ആയതിനാലാണ് മേൽപ്പടി വിവരങ്ങൾ ബന്ധപ്പെട്ട 129 ARU ൽ നിന്നും ശേഖരിക്കേണ്ടതാണെന്ന് അറിയിച്ച് ഹർജിക്കാരന് മറുപടി നൽകിയിരുന്നത് എന്നും കാണുന്നു. ഇക്കാര്യത്തിൽ എതിർകക്ഷിയുടെ ഭാഗത്തു നിന്നും വിവരാവകാശ നിയമ പ്രകാരം എന്തെങ്കിലും അപാകതയുണ്ടായിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION